പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3042

19-06-2018 ൽ മറുപടിക്ക്

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യം

ചോദ്യം

ശ്രീ.പി. ഉണ്ണി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴിയും ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.<br><br>ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകുളത്തിന്റെ പുനരുദ്ധാരണത്തിനായി 74,65,000/ രൂപയുടെ അടങ്കൽ തുക വരുന്ന ഡി.പി.ആർ തയ്യാറാക്കി RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി സമർപ്പിച്ചിരുന്നു. |
| (ബി) | ഓരോ പാടശേഖരത്തിന്റെയും വികസനത്തിനായുള്ള എസ്റ്റിമേറ്റ് തുകയുടേയും ഇതിനകം ചെലവഴിച്ച തുകയുടേയും വിശദാംശം ലഭ്യമാക്കാമോ? | (ബി) | RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി എം.ഡി ലഭ്യമാക്കിയ അപേക്ഷകൾ എല്ലാം ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. നബാർഡ്, RIDF XXIV -ൽ കെ.എൽ.ഡി.സിയ്ക്ക് 35 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ച് നൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ പരിഗണിക്കാൻ കഴിയാത്തത്. കൂടുതൽ അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ